എം.ടി. സ്പിന്നിംഗ്, കണ്ണൂർ	5.44
കഴിയം കയർ സൊസൈറ്റി	2.42
എം.ജി.എം. സ്കൂൾ, ഫൈസൽ	9.68
ശബരിഗിരി ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസ്	6.60
ഭാരതി ടെറി വെൽഫെയർ	4.98
നിഗൽ ടൈൽ വർക്സ്	4.53
പഞ്ചമി എക്സ്പോർട്ടേഴ്സ്	4.47
കോർട്ട്സ്, പെരുവണ്ണാമൂഴി	3.80
പെരുമ്പിലാവ് കമ്മ്യൂണിക്കേഷൻസ്	6.92

ദീനദയാൽ ഉപാദ്ധ്യായ ഗ്രാമീൺ ജ്യോതി യോജന

37 (3190) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദീനദയാൽ ഉപാദ്ധ്യായ ഗ്രാമീൺ ജ്യോതി യോജന പ്രകാരം കോഴിക്കോട് ജില്ലയിൽ നടക്കുന്ന പ്രവൃത്തികൾ ഏതെല്ലാം;

(ബി) ഡോക്യുമെന്റ് നോഡൽ ഏജൻസിയായ റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ (ആർ. ഇ. സി.) ഏതെല്ലാം പദ്ധതികളുടെ നിഡ് അസസ്സ്മെന്റ് സമർപ്പിച്ചിട്ടുണ്ട്; ഏതെല്ലാം പദ്ധതികളുടെ ഡി.പി.ആർ. തയ്യാറായി എന്നറിയിക്കുമോ?

ഉത്തരം

(എ) ഈ പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിൽ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.

(ബി) ദീനദയാൽ ഉപാദ്ധ്യായ ഗ്രാമീൺ ജ്യോതി യോജന പ്രകാരം കോഴിക്കോട് ജില്ലയിൽ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് ലൈൻ വലിച്ച് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് (ബി.പി.എൽ.) വൈദ്യുതി കണക്ഷൻ നൽകുന്നതിനും കേടായ മീറ്ററുകൾ മാറ്റുന്നതിനും നിലവിലുള്ള സബ്സ്റ്റേഷൻ അപ്ഗ്രേഡ് ചെയ്യുന്നതിനുമുള്ള പദ്ധതികൾ നിഡ് അസസ്സ്മെന്റിൽ ഉൾപ്പെടുത്തി ആർ.ഇ.സി.-ക്ക് നൽകിയിരുന്നു. ഇവയെല്ലാം ഉൾപ്പെടുന്ന ഡി.പി.ആർ. തയ്യാറാക്കി, റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷന് സമർപ്പിക്കുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്.

LIBRARY, ARCHIVES Kerala Legislative Assembly